(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി, ഇ) ചോദ്യം പ്രസക്തമല്ല.

വനിതാ സഹകരണ സംഘങ്ങൾ

84 [4963] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വനിതാ സഹകരണ സംഘങ്ങളാണ് ഉള്ളത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) വനിതാ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘമായി ഒരു സംസ്ഥാന വനിതാ സഹകരണ ബാങ്കും ജില്ലകളിൽ ഓരോ ജില്ലാ സഹകരണ ബാങ്കും രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 709.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി, ഡി) വനിതാ സഹകരണ സംഘങ്ങൾക്കായി സംസ്ഥാന വനിതാ സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കാർഷിക ഗ്രാമവികസന ബാങ്കിൽ വസ്തു വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ചെലവഴിച്ച തുക

85 [4964] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ വസ്തു വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ കർഷകർ വലിയ പ്രതിസന്ധി നേരിടുമ്പോഴും കാർഷിക വികസന ബാങ്കുകളിൽ കുടിശ്ശിക നിലവാരം വൻതോതിൽ ഉയരുമ്പോഴും ഇത്തരത്തിൽ വസ്തുക്കൾ വാങ്ങാനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 117.41 ലക്ഷം രൂപ.

(ബി) സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടിയാണ് വസ്തുക്കൾ വാങ്ങിയതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും.

ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം

86 [4965] ശ്രീ. ടി. എൻ. പ്രതാപൻ:
" എൻ. ഡി. അപ്പച്ചൻ:
" എൻ. ശക്തൻ:
" കെ. അച്ചുതൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ജില്ലാ സഹകരണ ബാങ്കുകൾ ക്രമ രഹിതമായി വായ്പ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വായ്പകൾ കിട്ടാക്കടമായി കണക്കാക്കപ്പെടുന്നു; പ്രസ്തുത വായ്പകളിൽ ഉൾക്കൊള്ളുന്ന തുക ഒട്ടാകെ എത്രയാണ്;

(സി) ഇപ്രകാരം ഈ കാലത്ത് ജില്ലാ ബാങ്കുകൾ നൽകിയിട്ടുള്ളതും കിട്ടാക്കടമായി കണക്കാക്കിയിട്ടുള്ളതും ഓരോ വായ്പയിലും അഞ്ച് ലക്ഷമോ അതിൽ കൂടുതലോ രൂപ ഉൾക്കൊള്ളുന്നതുമായ വായ്പകൾ ആർക്കെല്ലാമാണ് നൽകിയതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷന്റെ പ്രവർത്തനം

87 [4966] ശ്രീ. പി. സി. ജോർജ്ജ്:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. കെ. ദേവകുമാർ:
" സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly